**കേരളസർക്കാർ**

**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, അഞ്ചാം നില,**

**ശാന്തി നഗർ, തിരുവനന്തപുരം– 695001**

**വിജ്ഞാപനം**

**കീം 2021**

**സർക്കാർ ഫാർമസി കോളേജുകളിൽ ബി.ഫാം കോഴ്സിലേക്കുള്ള പ്രവേശനം 2021 മോപ് അപ് അലോട്ട്മെന്റിനുശേഷമുള്ള ഒഴിവുകൾ നികത്തുന്നതിന് താത്ക്കാലിക അലോട്ട്മെന്റ് ലിസ്റ്റ് പ്രസിദ്ധീകരിച്ചു.**

2021 വർഷത്തെ ബി.ഫാം കോഴ്സിലെ സർക്കാർ കോളേജുകളിലെ ഒഴിവുകൾ നികത്തുന്നതിനായി നടത്തിയമോപ് അപ് അലോട്ട്മെന്റിനുശേഷം നിലനിൽക്കുന്നഒഴിവുകൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ മാർഗനിർദ്ദേശങ്ങൾക്കനുസൃതമായി അതാത് കോളേജ് അടിസ്ഥാനത്തിൽ നികത്തുന്നതാണ്.പ്രവേശനത്തിന് യോഗ്യരായവരുടെ താത്ക്കാലിക പട്ടിക പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. 11.05.2022 വൈകുന്നേരം 4.00 മണി വരെ ലഭിക്കുന്ന പരാതികൾ പരിഗണിച്ചശേഷം അന്തിമ പട്ടിക 11.05.2022 ന് വൈകുന്നേരം പ്രസിദ്ധീകരിക്കുന്നതാണ്. പ്രസ്തുത ഒഴിവുകളിലേക്ക് പരിഗണിക്കപ്പെടുന്നതിന് വിദ്യാർത്ഥികൾക്ക് താഴെ പറയുന്ന യോഗ്യതകൾ ഉണ്ടായിരിക്കണം.

- പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ചിട്ടുള്ള ഫാർമസി റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുന്നവരും, കീം 2021 പ്രോസ്പെക്ടസ് പ്രകാരം നിർദ്ദേശിക്കപ്പെട്ട യോഗ്യത നേടിയവരും ആയിരിക്കണം.
- കീം 2021 പ്രോസ്പെക്ടസ് ക്ലോസ് 6.2 പ്രകാരം പ്രസ്തുത കോഴ്സിലേക്ക് പരിഗണിക്കപ്പെടുന്നതിനുള്ള അക്കാദമിക യോഗ്യതയുള്ളവരായിരിക്കണം.
- നിലവിൽഎം .ബി.ബി.എസ്/ബി.ഡി.എസ്/ആയുർവേദ/ഹോമിയോ/സിദ്ധ/യുനാനി/ഫാർമസി/മെഡിക്കൽ അനുബന്ധ കോഴ്സുകളിൽ അഡ്മിഷൻ നേടാത്തവരായിരിക്കണം.
- എം .ബി.ബി.എസ്/ബി.ഡി.എസ്/ആയുർവേദ/ഹോമിയോ/സിദ്ധ/യുനാനി/ഫാർമസി/മെഡിക്കൽ അനുബന്ധകോഴ്സുകളിൽ മോപ് അപ് അലോട്ട്മെന്റിലൂടെ അലോട്ട്മെന്റ് ലഭിച്ചിട്ടില്ലാത്തവരും ആയിരിക്കണം.

ഈ ഒഴിവുകളിലേക്ക് പരിഗണിക്കപ്പെടുന്നതിനായി താത്പര്യമുള്ള വിദ്യാർത്ഥികൾ കീം 2021 പ്രോസ്പെക്ടസ് ക്ലോസ് 11.7.1 ൽ പ്രതിപാദിക്കുന്ന അസ്സൽ രേഖകളുമായി **12.05.2022 മുതൽ 13.05.2022, ഉച്ചയ്ക്ക് 2.00 മണിക്കകം**സീററുകൾ ഒഴിവുള്ള കോളേജുമായി ബന്ധപ്പെട്ട് പ്രവേശനം ഉറപ്പാക്കേണ്ടതാണ്. 13.05.2022, ഉച്ചയ്ക്ക് 2.00 മണി വരെ ഹാജരാകുന്ന വിദ്യാർത്ഥികളെ ഇതോടൊപ്പം നൽകിയിരിക്കുന്ന മാർഗനിർദ്ദേശപ്രകാരം പ്രോസ്പെക്ടസ് വ്യവസ്ഥകൾ പാലിച്ച് നിലവിലെ ഒഴിവുകളിലേക്ക് പരിഗണിച്ച് ഒഴിവുകൾ അതാത് കോളേജുകൾ നികത്തുന്നതാണ്. കാറ്റഗറി സീറ്റുകളിൽ ഒഴിവുകൾ നിലനിൽക്കുന്ന

പക്ഷം അവ പ്രോസ്പെക്ടസ് വ്യവസ്ഥകൾ പ്രകാരം അർഹമായ കാറ്റഗറിയായി പരിവർത്തനം ചെയ്ത് മേൽ പറഞ്ഞ തീയതിക്കകം അതാത് കോളേജുകൾ പ്രവേശനം നടത്തുന്നതാണ്.

അഡ്മിഷൻ/അഡ്മിഷനുശേഷമുള്ള ഒഴിവുകൾ എന്നിവയെ സംബന്ധിച്ച റിപ്പോർട്ട് 13.05.2022 വൈകുന്നേരം 3.00 മണിക്ക് മുമ്പായി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് നൽകേണ്ടതും OAMS ൽ(Online Admission Management System) അപ്ഡേറ്റ് ചെയ്യേണ്ടതുമാണ്. ഒഴിവുകൾ സംബന്ധിച്ച വിശദാംശങ്ങൾ, ഒഴിവുകൾ നികത്തുന്നത് സംബന്ധിച്ച വിശദമായ മാർഗ്ഗനിർദ്ദേശം എന്നിവ പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ വെബ് സൈററിൽ നൽകിയിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ മനസ്സിലാക്കേണ്ടതാണ്.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

Signature Not Verified
Digitally signed by INBASEKAR K IAS
Date: 2022.05.10 21:39:23 IST
Reason: Approved

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
**10/05/2022**